# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ . 2461** | **18.7.2011-ൽ മറുപടിക്ക്**

## പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ജമീലാ പ്രകാശം<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. സി.കെ. നാണു<br>ശ്രീ. മാത്യു.റ്റി.തോമസ് | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| (എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സംബന്ധിച്ചു ചർച്ചകളിൽ സംസ്ഥാനം ഉന്നയിച്ച ആവശ്യങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ; | (എ) പന്ത്രണ്ടാം പദ്ധതി രൂപീകരണത്തിന്റെ സമീപന രേഖ ചർച്ച ചെയ്യുന്നതിലേക്കായി കേന്ദ്ര ആസൂത്രണ കമ്മീഷൻ 2011 ജൂൺ 10,11 എന്നീ തീയതികളിൽ ബാംഗ്ലൂരിൽ വിളിച്ച് ചേർത്ത ദക്ഷിണ മേഖലാ സംസ്ഥാനങ്ങളുടെ യോഗത്തിൽ കേരളത്തിന്റെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങൾ ഉന്നയിക്കുകയുണ്ടായി. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡങ്ങൾ സംസ്ഥാനത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ച് ഭേദഗതി ചെയ്യാൻ അനുമതി നൽകുന്ന കാര്യവും യോഗത്തിൽ ഉന്നയിക്കപ്പെട്ടു. പ്രധാനമായും വില സ്ഥിരത നടപ്പിലാക്കൽ, സൂക്ഷ്മ ജല സേചന പദ്ധതി, ത്വരിത ജല സേചന പദ്ധതി, ക്രെഡിറ്റ് റിസ്ക് ഫണ്ട് രൂപീകരിക്കൽ, ദേശീയ ഭക്ഷ്യ സുരക്ഷാ മിഷനിൽ അധികം ജില്ലകളെ ഉൾക്കൊള്ളിക്കുക, വർദ്ധിച്ച് വരുന്ന സാംക്രമിക രോഗങ്ങളെ ചെറുക്കുന്നതിനുള്ള നടപടി, വൃദ്ധ ജനങ്ങളുടെ പരിപാലനം എന്നിവയും കൂടാതെ കൊച്ചി മെട്രോ, വിഴിഞ്ഞം പോർട്ട്, കണ്ണൂർ വിമാനത്താവളം, ഉൾനാടൻ ജലഗതാഗതം, ദേശീയ പാതകൾ, മലയോര പാത, റയിൽവേ വികസനം എന്നീ പ്രധാനപ്പെട്ട പദ്ധതികൾക്കും കേരളം സഹായം അഭ്യർത്ഥിക്കുകയുണ്ടായി. കേന്ദ്ര പദ്ധതികൾ കേരളം നടപ്പിലാക്കുമ്പോൾ വരുന്ന തടസ്സങ്ങൾ മാറ്റുന്നതിനും കേരളം കേന്ദ്രത്തോട് പ്രസ്തുത യോഗത്തിൽ ആവശ്യപ്പെടുകയുണ്ടായി. |
| (ബി) പ്രസ്തുത ആവശ്യങ്ങളോട് ആസൂത്രണ കമ്മീഷൻ സ്വീകരിച്ച നിലപാടുകൾ വിശദമാക്കാമോ ? | (ബി) ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് കേന്ദ്ര ആസൂത്രണ കമ്മീഷൻ ഡെപ്യൂട്ടി ചെയർമാൻ യോഗത്തിൽ അറിയിക്കുകയുണ്ടായി. |

**സെക്ഷൻ ഓഫീസർ.**